സമ്പാ: ഹെർമ്മൻ ഗുണ്ടർട്ട്

# ഒരആയിരം പഴഞ്ചൊൽ

(മലയാളം: പഴഞ്ചൊല്ലുകൾ)

2013
സായാഹ്ന ഫൌണ്ടേഷൻ
തിരുവനന്തപുരം

**Orayiram Pazhanchol**
Malayalam proverbs
Compiled by **Hermann Gundert**
First published: 1850

EPUB/PDF version published: 2013

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2012. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script and oldstyle numerals was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . . . . . . . . iii
ഹെർമ്മൻ ഗുണ്ടർട്ട് . . . . . . . . . . v
ആമുഖം . . . . . . . . . . vii
ഒരആയിരം പഴഞ്ചൊൽ . . . . . . . . . . 1
അനുബന്ധം: ഇതിലെ പങ്കാളികൾ . . . . . . . . . . 39

# ഹെർമ്മൻ ഗുണ്ടർട്ട്



കേരളത്തിനും മലയാള ഭാഷയ്ക്കും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ജർമൻ ഭാഷാ പണ്ഡിതനായിരുന്ന റെവ്. ഡോ. ഹെർമ്മൻ ഗുണ്ടർട്ട് (1814 ഫെബ്രുവരി 4 – 1893 ഏപ്രിൽ 25). ജർമനിയിലെ സ്റ്റുട്ട്ഗാർട്ട് എന്ന സ്ഥലത്ത് 1814 ഫെബ്രുവരി 4-ന ജനിച്ചു. 1836 ജൂലൈ 7-ന് ഇന്ത്യയിലെത്തി. മദ്രാസ് പ്രസിഡൻസിയുടെ വിവിധഭാഗങ്ങളിൽ മതപ്രചരണ സംബന്ധമായ ജോലികൾ നടത്തുന്നതിനിടയിൽ 1838 ഒക്ടോബർ 7-ന് ഗുണ്ടർട്ടും ഭാര്യയും തിരുനെൽവേലിയിൽ നിന്നും തിരുവന്തപുരത്തെത്തി താമസമാക്കി. തമിഴ്നാട്ടിലെ ഹ്രസ്വകാല ജീവിതത്തിനിടയിൽ തമിഴ്ഭാഷയിൽ പ്രസംഗപാടവം നേടിയ ഗുണ്ടർട്ട് അതിവേഗം മലയാളവും പഠിച്ചു. ഹെർമ്മൻ ഗുണ്ടർട്ടിനെ മലയാളം പഠിപ്പിച്ചത് ഊരാച്ചേരി ഗുരുനാഥൻമാർ ആണ്. തലശ്ശേരിക്കടുത്ത് ചൊക്ലിയിലെ കവിയൂർ ആണ് ഗുരുനാഥൻമാരുടെ ജന്മദേശം. ഇവരെക്കുറിച്ച് കേട്ടറിഞ്ഞ ഹെർമ്മൻ ഗുണ്ടർട്ട് മലയാളം പഠിക്കാൻ ഇവരെ തേടിയെത്തുകയായിരുന്നു. താൻ താമസിച്ചിരുന്ന ഇല്ലിക്കുന്നിലേക്ക് ഊരാച്ചേരി ഗുരുനാഥൻമാരെ ക്ഷണിച്ചു കൊണ്ടുപോയായിരുന്നു ഗുണ്ടർട്ട് മലയാള ഭാഷയിൽ പ്രാവീണ്യം നേടിയത്. താമസിയാതെ തലശ്ശേരിയിലും നെട്ടൂരിലും സ്കൂളുകളും നെട്ടൂരിൽ ഒരു കല്ലച്ചുകൂടവും സ്ഥാപിച്ചു. 'ബാസൽ മിഷൻ' എന്ന അന്തർദ്ദേശീയ മത സംഘടനയുടെ ഇന്ത്യയിലെ സെക്രട്ടറിയായും സ്കൂൾ ഇൻസ്പെക്ടറായും പ്രവർത്തിച്ചു. ഇക്കാലഘട്ടത്തിൽ സ്കൂളുകളിൽ പഠിപ്പിക്കാനായി മലയാളം, കന്നട, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പുസ്തകങ്ങൾ എഴുതി അച്ചടിച്ചു പ്രസിദ്ധീകരിച്ചു.

ഒരു സാധാരണ പാതിരിയായി പ്രവർത്തിച്ചെങ്കിലും, ഭാഷാ പാണ്ഡിത്യത്തിന്റെ പേരിലാണ് അദ്ദേഹം ചരിത്രത്തിൽ അവിസ്മരണീയനായത്. 1868-ൽ എഴുതിയ മലയാള വ്യാകരണം, 1872-ലെ ഗുണ്ടർട്ട് നിഘണ്ടു എന്ന മലയാളം—ഇംഗ്ലീഷ് ഡിക്ഷണറി എന്നിവ സുപ്രധാനമാണ്. ബൈബിൾ വേദ പുസ്തകവും മലയാളത്തിലേക്ക് ഗുണ്ടർട്ട് പരിഭാഷപ്പെടുത്തി ഭാഷാ വ്യാകരണത്തിൽ അദ്ദേഹം നടത്തിയ പഠനങ്ങൾ, സംസ്കൃതേതരമായ ആദ്യത്തെ ആധികാരിക പഠനമായിരുന്നു. സ്വന്തമായി രണ്ടു പ്രസിദ്ധീകരണങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ഇതിൽ രാജ്യസമാചാരം മലയാളത്തിലെ ആദ്യത്തെ വർത്തമാന പത്രവും ആനുകാലികവുമായി വിലയിരുത്തപ്പെടുന്നു. രണ്ടാമത്തെ പ്രസി-

ഢീകരണമായ പശ്ചിമോദയം വിജ്ഞാനസംബന്ധമായ ലേഖനങ്ങളിലായിരുന്നു ശ്രദ്ധ പതിപ്പിച്ച-ത്. തലശ്ശേരിയിൽ ഗുണ്ടർട്ടിന്റെ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. പ്രശസ്ത ജർമ്മൻ നോവലെഴുത്തുകാ-രനും നോബൽ സമ്മാനിതനുമായ ഹെർമ്മൻ ഹെസ്സെ ഗുണ്ടർട്ടിന്റെ ചെറുമകനായിരുന്നു. 1859-ൽ രോഗബാധിതനായി ജർമ്മനിയിലേക്കു മടങ്ങിപ്പോയി. 1893 ഏപ്രിൽ 25-ന് അദ്ദേഹം അന്തരിച്ചു.

## പ്രധാന കൃതികൾ

### ഭാഷാശാസ്ത്രം

1. മലയാളം—ഇംഗ്ലീഷ് നിഘണ്ടു, മംഗലാപുരം, 1872
2. മലയാള ഭാഷാവ്യാകരണം, മംഗലാപുരം, 1868
3. ത്രിഭാഷാ നിഘണ്ടു (ഇംഗ്ലീഷ്—ഹിന്ദി—മലയാളം)
4. ജർമ്മൻ-മലയാള നിഘണ്ടു
5. ഗുണ്ടർട്ട് നിഘണ്ടു
6. പഴഞ്ചൊൽമാല, ബാസൽ മിഷൻ, മംഗലാപുരം – 1896
7. കാറ്റക്കിസം ഓഫ് മലയാളം ഗ്രാമർ (Catechism of Malayalam grammar)
8. വ്യാകരണ ചോദ്യോത്തരം
9. ഗുരുകൂടാതെ ലത്തീൻപെച്ച പഠിപ്പിക്കാൻ തക്കവിധത്തിൽ എഴുതപ്പെട്ട മലയാഴ്മ ലത്തീൻ ഗ്രമത്തി

### സംസ്കാരം, ചരിത്രം

1. സുറിയാനി ക്രിസ്ത്യാനികളുടെയും കേരള ജൂതന്മാരുടെയും പക്കലുള്ള പുരാതന ചെമ്പേടു-കളുടെ തർജ്ജമയും പഠനവും (ഇംഗ്ലീഷ്), മദ്രാസ് ജേർണൽ ഓഫ് ലിറ്ററേച്ചർ ആൻഡ് സയൻസ്, മദ്രാസ്, 1844–1845
2. കേരള ഉൽപ്പത്തി, മംഗലാപുരം, 1843
3. ലോക ചരിത ശാസ്ത്രം, തലശ്ശേരി, 1849–1851
4. കേരള പഴമ അഥവാ മലബാറിന്റെ ചരിത്രം ക്രി.ശേ. 1498–1631, മംഗലാപുരം, 1868 നള-ചരിത സാരശോധന – 1867

(വിക്കിപ്പീഡിയയോട് കടപ്പാട്)

# ആമുഖം

മലയാള ഭാഷയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ജർമൻ ഭാഷാ പണ്ഡിതനായ ഹെർമ്മൻ ഗുണ്ടർട്ട് (1814 ഫെബ്രുവരി 4 – 1893 ഏപ്രിൽ 25) സമാഹരിച്ചതാണ് ഈ പുസ്തകത്തിലെ പഴഞ്ചൊല്ലുകൾ. ട്യൂബിങ്ങൻ സർവ്വകലാശാല ലൈബ്രറിയിലെ ഗുണ്ടർട്ട് ശേഖരത്തിൽ നിന്നാണ് ഈ പുസ്തകത്തിന്റെ സ്കാൻ ലഭ്യമായത്. ഭാഷാസ്നേഹിയും വിക്കിപ്പീഡിയനുമായ ഷിജു അലക്സിന്റെയും മറ്റ് വിക്കിപ്പീഡിയ പ്രവർത്തകരുടെയും ശ്രമഫലമായാണ് ഈ അമൂല്യശേഖരത്തിലേയ്ക്ക് എത്തുവാനായത്. കേരളത്തിലെ സമാനമായ സ്ഥാപനങ്ങളെ അപേക്ഷിച്ച്, ട്യൂബിങ്ങൻ യൂണിവേഴ്സിറ്റി ഷിജുവിനോട് ഉദാരമായ സമീപനമാണ് കൈക്കൊണ്ടത്, പ്രത്യേകിച്ചും ട്യൂബിങ്ങൻ യൂണിവേഴ്സിറ്റിയിലെ ഇൻഡോളജി വിഭാഗം പ്രൊഫസറായ ഹൈക്കെ മോസർ, ട്യൂബിങ്ങൻ സർവ്വകലാശാല ലൈബ്രേറിയനായ ഗബ്രിയേലെ സെല്ലർ എന്നിവരുടെ സേവനവും പിന്തുണയും എടുത്ത് പറയേണ്ടതാണ്. ഗുണ്ടർട്ട് ശേഖരത്തിലെ പുസ്തകങ്ങളെല്ലാം തന്നെ സ്കാൻ ചെയ്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനായി, Gundert legacy — a digitization project of the University of Tuebingen എന്ന പേരിൽ ഒരു പ്രോജക്റ്റും ആരംഭിക്കാനുള്ള നടപടി ട്യൂബിങ്ങൻ സർവ്വകലാശാല ലൈബ്രറി തുടങ്ങി കഴിഞ്ഞു. ശ്രേഷ്ഠഭാഷാസംസ്ഥാനത്തിലെ സാംസ്കാരികസ്ഥാപനങ്ങളിലെ നേതൃത്വം, മലയാളം അന്യഭാഷയായ മറ്റ് രാജ്യങ്ങളിൽ നടക്കുന്ന ഇത്തരം സംരംഭങ്ങളെക്കുറിച്ചറിയുന്നത് നന്നായിരിക്കും.

“ഒരആയിരം പഴഞ്ചൊൽ” എന്ന ഈ പുസ്തകം 1850-ൽ തലശ്ശേരി ബാസൽ മിഷൻ പ്രസ്സിൽ അച്ചടിച്ചതാണ്. ഇത് ലിത്തോഗ്രാഫിക്ക് രീതിയിൽ പ്രിന്റ് ചെയ്തതാണ്. 1854-ൽ ആണ് മംഗലാപുരം ബാസൽ മിഷനിൽ ലെറ്റർ പ്രസ് എത്തുന്നത്. അതിനാൽ അതുവരെ അവരുടെ പ്രസ്സിൽ നിന്ന് (തലശ്ശേരിയിൽ നിന്നും മംഗലാപുരത്തു നിന്നും) നേരിട്ട് ഇറങ്ങിയ പുസ്തകങ്ങൾ ഒക്കെ ലിത്തോഗ്രഫിക്ക് രീതിയിൽ ആണ് അച്ചടിച്ചിരുന്നത്. ലിത്തോഗ്രഫിക്ക് പ്രിന്റിങ്ങ് ആയതിനാൽ, ഈ പുസ്തകത്തിൽ പഴയ മലയാളത്തിലെ എഴുത്തു രീതി അനുസരിച്ച് രണ്ട് വാക്കുകൾക്ക് ഇടയിൽ ഇന്നു കാണുന്ന മാതിരി ഇടം വിട്ടിട്ടില്ല എന്നു തന്നെ പറയാം. എങ്കിലും ഇ-പതിപ്പുകളിൽ സ്പേസ് ഉണ്ടായിരിക്കുന്നതാണ് നല്ലത് എന്ന് ഞങ്ങൾ കരുതുന്നു. അല്ലെങ്കിൽ വായനയ്ക്കും സംവേദനത്തിനും തടസ്സമുണ്ടാവുകയേ ഉള്ളൂ. അതുകൊണ്ട് ഇപ്പോഴത്തെ രീതിയിൽ ഇടം വിട്ടു തന്നെയാണ് ടൈപ്പ്സെറ്റ് ചെയ്തിരിക്കുന്നത്. അന്നത്തെ അച്ചടി കാണുവാൻ താല്പര്യമുള്ളവർ വിക്കിഗ്രന്ഥശാലയിൽ

സ്രോതസ്സായി സൂക്ഷിച്ചിട്ടുള്ള സ്കാൻ പതിപ്പു നോക്കുക.

ഈ പുസ്തകത്തിന്റെ പ്രമാണസ്രോതസ്സുകൾ സ്കാൻ പതിപ്പ് നോക്കി എൻടി ചെയ്തത് സേവനസന്നദ്ധരായ ഏതാനും വിദ്യാർത്ഥികളും അവരുടെ അദ്ധ്യാപകരും ചേർന്നാണ്. അവരുടെ പേരും വിദ്യാലയത്തിന്റെ വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈ യുവസുഹൃത്തുക്കളോട് ഭാഷാസമൂഹം എന്നെന്നും നന്ദിയുള്ളവരായിരിക്കും.

സായാഹ്ന ഫൗണ്ടേഷൻ

# ഒരആയിരം പഴഞ്ചൊൽ

## തലശ്ശെരിയിലെഛരാപിതം

### ൧൮൫൦

ജ്ഞാനമായവൾ വിളിക്കുന്നല്ലയൊ ബുദ്ധി ശബ്ദിക്കുന്നവല്ലൊ അവൾ നിരത്തുകളിലും തെരുവീഥികളിലും നിന്നു പടിവാതിലുകളിലും പട്ടണപ്ര-വെശത്തും ഗൊപുരദ്വാരത്തും വെച്ച് ആൎത്തുചൊല്ലുന്നു – മനുഷ്യരെ നിങ്ങ-ളൊടു ഞാൻ വിളിക്കുന്നു – നരപുത്രനിലെക്ക് എന്റെ ശബ്ദം ആകുന്നു – മൂഢ-ന്മാരെ വിവെകത്തെ തിരിഞ്ഞു കൊൾവിൻ – പൊട്ടരെ ബൊധഹൃദയമുള്ള-വരാകുവിൻ – കെൾപിൻ ഞാൻ ശ്രുഭമുള്ളവ ഭാഷിക്കും നെരുള്ളവറ്റിനായി എന്റെ അധരങ്ങളെ തുറക്കും എന്റെ വായി സത്യം ഉരെക്കും ദൊഷമൊ എൻ അധരങ്ങൾക്ക വെറുപ്പു തന്നെ –

## ഒരആയിരം പഴഞ്ചൊൽ

൧. അകത്തിട്ടാൽ പുറത്തറിയാം

൨. അകത്തു കത്തിയും പുറത്തു പത്തിയും

൩. അകലെ പൊന്നവനെ അരികെ വിളിച്ചാൽ അരക്കാത്തുട്ടു ചെതം

൪. അകൌശല ലക്ഷണം സാധനദൂഷ്യം

൫. അക്കര നിന്നൊൻ തൊണി ഉരുട്ടി
(അക്കരെ നിൽക്കുന്ന പട്ടർ തൊണി മുക്കി)

൬. അക്കര മാവിലൊൻ കെണിവെച്ചിട്ടു എന്നൊടൊ ക്രൂരാ കണ്ണുമിഴിക്കുന്നു

൭. അങ്ങാടി തൊലിയം അമ്മയൊടൊ
(അങ്ങാടീല്ലൊറ്റാൽ അമ്മയുടെ നെരെ)

൮. അങ്ങില്ലാപ്പൊങ്ങിന്റെ വെർ കിളെക്കാമൊ

൯. അങ്ങുന്നെങ്ങാൻ വെള്ളംഒഴുകുന്നതിന്ന് ഇങ്ങുന്നു ചെരിപ്പുഴിക്കാമൊ

൧൦. അച്ഛൻ ആനപ്പാപാൻ എന്നുവച്ചു മകന്റെ ചന്തിക്കും തഴമ്പുണ്ടാമൊ

൧൧. അഞ്ചു എരുമ കറക്കുന്നത് അയൽ അറിയും കഞ്ഞി വാർത്തുണ്ണുന്നത് നെഞ്ഞറിയും

൧൨. അടക്കയാകുമ്പോൾ മടിയിൽവെക്കാം കഴുങ്ങായാൽ വെച്ചു കൂടാ

൧൩. അടികൊള്ളുവാൻ ചെണ്ട പണം വാങ്ങുവാൻ മാരാൻ

൧൪. അടിയൊളം നന്നല്ല അണ്ണന്തമ്പി

൧൫. അടിവഴുതിയാൽ ആനയും വീഴും

൧൬. അട്ട പിടിച്ചു മെത്തയിൽ കിടത്തിയാലൊ

൧൭. അട്ടം പൊളിഞ്ഞാൽ അകത്തുപാലംമുറിഞ്ഞാൽ ഒഴിവിലെ

൧൮. അട്ടെക്ക കണ്ണുകൊട്ടത്താൽ ഉറിയിൽ കലംവച്ചു കൂടാ

൧൯. അട്ടെക്ക പൊട്ടക്കുളം

൨൦. അണിയലം കെട്ടിയെ ദൈവമാവു

൨൧. അണ്ണാക്കിലെതൊൽ അശെഷം പൊയാലും അംശത്തിൽ ഒട്ടും കുറകയില്ല

൨൨. അണ്ണാക്കൊട്ടൻ തന്നാൽ ആംവണ്ണം

൨൩. അണ്ണാടി കാണ്മാൻ കണ്ണാടി വേണ്ട

൨൪. അതിബുദ്ധിക്ക അൽപ്പായുസ്സ്

൨൫. അതിമൊഹം ചക്രം ചുമക്കും (ചവിട്ടും)

൨൬. അത്തെഞ്ഞാറ്റുതലയും അരമർകൊപവും പിത്ത വ്യാധിയും പിതൃശാപവും ഒക്കവൊളം തീരാ

൨൭. അത്യാശെക്കനർത്ഥം

൨൮. അന്നത്തിന്റെ ബലവും ആയുസ്സിന്റെ ശക്തിയും ഉണ്ടെങ്കിൽ മന്നത്താലിങ്കൽകാണാം

൨൯. അന്നന്നുവെട്ടുന്നവാളിന്നു നെയ്യിടുക

൩൦. അന്നുതീരാത്ത പണികൊണ്ടു അന്തിയാക്കരുത്

൩൧. അൻപറ്റാൽ ഉമ്പറവും

൩൨. അൻപൊടുകൊടുത്താൽ അമൃത്

൩൩. അപ്പം തിന്നാൽപ്പോരേ കുഴിയെണ്ണുന്നെന്തിന്നു
(അപ്പംതിന്നാൽമതി കുത്തെണ്ണണ്ട)

൩൪. അഭ്യസിച്ചാൽ ആനയെ എടുക്കാം

൩൫. അമ്പലം വിഴുങ്ങിക്കവാതിപ്പലകപപ്പടം

൩൬. അമ്പുകളഞ്ഞൊൻ വില്ലൻ ഒലകളഞ്ഞൊൻ എഴുത്തൻ

൩൭. അമ്പുകുമ്പളത്തും വില്ലു ശെക്കളത്തും എയ്യുന്ന നായർ പനങ്ങാട്ടുപടിക്കൽ എത്തി

൩൮. അമ്മപുലയാടിച്ചി എങ്കിൽ മകളും പുലയാടിച്ചി

൩൯. അമ്മ ഉറിമെലും പെങ്ങൾ കീഴിലും ഒൾ ഉരലിലും

൪൦. അമ്മയെതച്ചാൽ അഛ്ശൻ ചൊദിക്കണം,പെങ്ങളെതച്ചാൽ അളിയൻ ചൊദിക്കണം

൪൧. അമ്മൊച്ചനില്ലുന്നെടം അമ്മൊച്ചനും പശുനില്ലുന്നെടം പശുവുംനില്ക്കട്ടെ

൪൨. അംശത്തിലധികം എടുത്താൽ ആകാശം പൊളിഞ്ഞുതലയിൽ വീഴും

൪൩. അരചനെ കൊതിച്ചു പുരുഷനെ വെടിഞ്ഞവൾക്ക് അരചനും ഇല്ല പുരുഷനുമില്ല

൪൪. അരചൻ വീണാൽ പട ഉണ്ടൊ

൪൫. അരണ കടിച്ചാൽ ഉടനെ മരണം

൪൬. അരണെക്കുമറതി(അരണയുടെ ബുദ്ധി പൊലെ)

൪൭. അരപ്പലം നൂലിന്റെ കുഴെക്ക്

൪൮. അരികെ പൊകുമ്പോൾ അരപ്പലം രൊഞ്ഞുപോകും

൪൯. അരിയും തിന്നു ആശാരിച്ചിയെയും കടിച്ചു പിന്നെയും നായിന്റെ പല്ലിന്നു മൊറുമൊറുപ്പു

൫൦. അരിയെറിഞ്ഞാൽ ആയിരം കാക്ക

൫൧. അരിശം വിഴുങ്ങിയാൽ അമൃത്, ആയിരം വിഴുങ്ങിയാൽ ആണല്ല

൫൨. അരുതാഞ്ഞാൽ ആചാരം ഇല്ല ഇല്ലാഞ്ഞാൽ ഓശാരവും ഇല്ല

൫൩. അരെച്ചതു കൊണ്ടു പൊയിടിക്കരുതു

൫൪. അരെച്ചുതരുവാൻ പലരും ഉണ്ടു കുടിപ്പാൻതാനെ ഉണ്ടാകും

൫൫. അൎത്ഥം അനൎത്ഥം

൫൬. അൎത്ഥമില്ലാത്തവനും(അല്പന്ന്)അൎത്ഥം കിട്ടിയാൽ അൎദ്ധരാത്രിക്കും കുടപിടിപ്പിക്കും

൫൭. അൎദ്ധം താൻ അൎദ്ധം ദൈവം

൫൮. അറിയാരവെന്നു ആനപടൽ

൫൯. അറിയുന്നെരൊടു പറയെണ്ട അറിയാത്തൊരൊടു പറയരുത്

൬൦. അറുക്കാൻ ൧൦൦൦ കൊടുക്കലും പൊറ്റാൻ ഒന്നിനെ കൊടുക്കരുതൊ

൬൧. അറുത്തിട്ട കൊഴി പിടെക്കുമ്പൊലെ

൬൨. അലക്കുന്നൊന്റെ കഴുതപൊലെ

൬൩. അലന്നാൽ അമ്മെക്കപരാധിക്കാമൊ

൬൪. അല്ലലുള്ള പുലയിക്ക നള്ളിയുള്ള കാടുപറയെണ്ടാ

൬൫. അവൻ പത്താൾക്ക ഒരുമെത്ത

൬൬. അശ്വിനി ദെവന്മാർ വന്നാൽ സാധിക്കും

൬൭. അഷ്ടാംഗ ഹൃദയഹീനന്മാർ ചികിത്സിക്കും ചികിത്സയിൽ മഞ്ഞൾ എല്ലാം വയമ്പായി കൎപ്പൂരം കൊടുവെരിയായി

൬൮. അള(എറ)കുത്തിയാൽ ചെരയും കടിക്കും
(അളമുട്ടിയാൽ ചെരയും തിരിഞ്ഞു)

൬൯. അഴകുള്ള ചക്കയിൽ ചുളയില്ല

൭൦. ആ കുണ്ടയിൽ വാഴ കുലെക്കയില്ല

൭൧. ആച്ചി നൊക്കിയെ കൂച്ചു കെട്ടാവൂ

൭൨. ആടറിയുമൊ അങ്ങാടി വാണിഭം

൭൩. ആടാ ചാക്യാക്ക് അണിയൽ പ്രധാനം

൭൪. ആട്ടുമെഞ്ഞ കാട്ടുപൊലൊ

൭൫. ആട്ടൂടാടും കാടാകാ അരചൻ ഊടാടും നാടാകാ

൭൬. ആട്ടം മുട്ടിയാൽ (നിന്നാൽ)കൊട്ടടത്തിൽ

൭൬. ആട്ടുന്നവനെ നെയ്‌വാൻ ആക്കിയാൽ കാൎയ്യമൊ

൭൭. ആനകൊടുക്കലും ആശകൊടുക്കരുത്

൭൮. ആനക്കൊമ്പും വാഴക്കാമ്പും രണ്ടും ശരിയൊ

൭൯. ആന നടത്തവും കുതിരപ്പാച്ചലും ശരി

൮൦. ആനയില്ലാതെ ആറാട്ടൊ

൮൧. ആനയുടെ പുറത്തു ആനക്കാരൻ ഇരിക്കുമ്പൊൾ നായികുരെച്ചാൽ അവൻ എത്ര പെടിക്കും

൮൨. ആനയുടെ യുദ്ധം ഇറുമ്പിന്നു മരണം

൮൩. ആനെക്ക കുതിര തെരിക

൮൪. ആനെക്ക ചക്കര പന

൮൫. ആനെക്ക മണി കെട്ടെണ്ടാ

൮൬. ആമാടെക്ക പുഴുത്തുള്ള നൊക്കുന്നവൻ

൮൭. ആയിരം ഉപദെശം കാതിലെ ചൊന്നാലും അവശബ്ദം അല്ലാതെ പുറപ്പെടുക-യില്ല.

൮൮. ആയിരം കണിക്കരപ്പാട്ടുമുണ്ടു അന്തിക്കരെപ്പാൻ തെങ്ങാപ്പിണ്ണാക്കു

൮൯. ആയിരം കണ്ണുപൊട്ടിച്ചെ അരവൈദ്യനാകും

൯൦. ആയിരം കാക്കെക്ക പാഷാണം ഒന്നെ വെണ്ടു

൯൧. ആയിരം കാതംഎടുത്ത് അരക്കാതം ഇഴെക്കൊല്ലാ

൯൨. ആയിരം കാൎയ്യക്കാരെ കാണുന്നതിനെക്കാൾ ഒരു രാജാവെ കാണുന്നതു നല്ലൂ

൯൩. ആയിരം പഴഞ്ചൊൽ ആയുസ്സിന്നുകെടല്ല ആയിരം പ്രാക്കൽ ആയുസ്സിന്നു കെടു

൯൪. ആയിരം പുത്തിക്കുനെഞ്ചിന്നു പാറ നൂറുപുത്തിക്ക ഈക്കിലും കൊക്കിലി എകബുദ്ധിക്കതി ആകമമ്മാ

൯൫. ആയിരം വാക്ക് അരപ്പലംതുങ്ങാ

൯൬. ആയെങ്കിൽ ആയിരം തെങ്ങാ പൊയെങ്കിൽ ആയിരംതൊണ്ടു

൯൭. ആരാനെ ആറാണ്ടു പൊറ്റിയാലും ആരാൻ ആരാൻതന്നെ

൯൮. ആരാന്റെ അപരാധം വാരിയന്റെ ഊരമെൽ

൯൯. ആരാന്റെകുട്ടി ആയിരം മുത്തിയാലും ഒന്നുപൊത്തികൂടാ

൧൦൦. ആരാന്റെ പല്ലിനെക്കാൾ തന്റെ തൊണ്ണു നല്ല

൧൦൧. ആരും ഇല്ലാഞ്ഞാൽ പട്ടർ ഏതും ഇല്ലാഞ്ഞാൽ താൻ

൧൦൨. ആറുനാട്ടിൽ നൂറുഭാഷ

൧൦൪. ആറ്റിൽ ളുകവില്ലം അളന്നുളുകെണം

൧൦൫. ആലി നാഗപ്പുരത്തു പൊയപൊല (ആലിപ്പഴത്തിന്നു അരണകൾ പൊലവെ)

൧൦൫. ആലക്കൽ നിന്നു പാൽ കുടിച്ചാൽ വീട്ടിൽ മൊർ ഉണ്ടാകയില്ല

൧൦൭. ആലെക്ക വരുന്നെരത്തു മൊന്തെക്കടിക്കരുതു

൧൦൮. ആവല്ക്ക ആവൽ വിരുന്നുവന്നാൽ അങ്ങെക്കൊമ്പിലും ഇങ്ങെക്കൊമ്പിലും ത്തു-ങ്ങിക്കൊള്ളു

൧൦൯. ആവും കാലം ചെയ്യുതു ചാവുംകാലം കാണാം

൧൧൦. ആശവലിയൊൻ അതാവുപെട്ടുപൊം

൧൧൧. ആശാരിയുടെ ചെൽ ആദിയും ഒട്ടവും കഷ്ടം

൧൧൨. ആസനം മുട്ടിയാൽ അമ്പലം വെൺപറമ്പു

൧൧൩. ആസനത്തിൽ പുൺ അങ്ങാടിയിൽ കാട്ടരുതു

൧൧൪. ആളുവില കല്ലുവില

൧൧൫. ആൾ ഏറ ചെല്ലൂൽ താൻ ഏറചെല്ലുക

൧൧൬. ആൾക്കു സഹായം മരണത്തിന്നുവെർ

൧൧൭. ആഴമുള്ള കുഴിക്ക നീളമുള്ള വടി

൧൧൮. ആഴം മുങ്ങിയാൽ കുളിരില്ല

൧൧൯. ഇക്കര നിന്നു നൊക്കുമ്പോൾ അക്കരപച്ച

൧൨൦. ഇടല ചുടലക്കാകാ ശൂദ്രന് ഒട്ടും ആകാ

൧൨൧. ഇടികെട്ട പാമ്പു പൊലെ

൧൨൨. ഇടി വെട്ടിയ മരം പൊലെ

൧൨൩. ഇണയില്ലാത്തവന്റെ തുണ കെട്ടൊല്ലാ

൧൨൪. ഇണയില്ലാത്തവനൊട്ട ഇണകൂടിയാൽ ഇണ ഒമ്പതുപൊകും പത്താമതു താനും പൊകും

൧൨൫. ഇരന്നു മക്കളെ പൊറ്റിയാൽ ഇരപ്പത്തനം പൊകയില്ല

൧൨൬. ഇരവിഴുങ്ങിയ പാമ്പുപൊലെ

൧൨൭. ഇരിക്കുന്ന അമ്മമാരുടെ വാതിൽപൊലെ

൧൨൮. ഇരിക്കുമുമ്പെ കാൽ നീട്ടൊല്ല

൧൩൦. ഇരിങ്ങല്പാറ പൊന്നായാൽ പാതി തെവക്കു

൧൩൦. ഇരിപ്പിടം കെട്ടിയെ പടിപ്പുര കെട്ടാവു

൧൩൧. ഇരിമ്പുകുടിവെള്ളം തെക്കുമൊ

൧൩൨. ഇരിമ്പുപാറ വിഴുങ്ങി ചുക്കുവെള്ളം കുടിച്ചാൽ ദഹനം വരുമൊ

൧൩൩. ഇരിമ്പുരസം കുതിരഅറിയും ചങ്ങല രുചി ആനഅറിയും

൧൩൪. ഇരിമ്പും തൊഴിലും ഇരിക്കെ കെട്ടും

൧൩൫. ഇരു തൊണിയിൽ കാൽവെച്ചാൽ നടുവിൽകാണാം

൧൩൬. ഇരുത്തിയെവെച്ചതുപൊലെ

൧൩൭. ഇരുന്നമരം മുറിച്ചാൽ താൻ അടിയിലും മരം മെലും

൧൩൮. ഇരുന്നുണ്ടവൻ രുചി അറിയാ കിളെച്ചുണ്ടവൻ രുചിഅറിയും

൧൩൯. ഇരുന്നെടത്തുനിന്നു എഴുനീറ്റില്ല എങ്കിൽ രണ്ടും അറികയില്ല

൧൪൦. ഇറച്ചി ഇരിക്കെ ഋവൽ പിടക്കരുത്

൧൪൧. ഇറച്ചിക്കപൊയൊൻ വിറച്ചിട്ടും ചത്തു കാത്തിരുന്നൊൻ നണച്ചിട്ടുചത്തു

൧൪൨. ഇറച്ചി തിന്മാറുണ്ട എല്ലുകൊത്തുകഴുത്തിൽ കെട്ടാറില്ല

൧൪൩. ഇല്ലത്തില്ലെങ്കിൽ കൊലൊത്തും ഇല്ല

൧൪൪. ഇല്ലത്തു നല്ലതിരിക്കുവാൻ പൊകയില്ല

൧൪൫. ഇല്ലത്തു പഴയരി എങ്കിൽ ചെന്നെടത്തും പഴയരി

൧൪൬. ഇല്ലത്തുവെൺപെറ്റപൊലെ ഇരിക്കുന്നത് എന്തു

൧൪൭. ഇല്ലാത്തെക്ക എഴുപത്തഞ്ചും കെട്ടു

൧൪൮. ഇല്ലത്തെ പുഷ്ടി ഉണ്ണിയുടെ ഊരകൊണ്ടറിയാം

൧൪൯. ഇല്ലത്തെ പൂച്ച പൊലെ

൧൫൦. ഇല്ലാത്തവക്ക ആമാടയും പൊന്നും

൧൫൧. ഇഷ്ടമല്ലാ പ്പെണ്ണുതൊട്ടതെല്ലാം കുറ്റം

൧൫൨. ഇഷ്ടം മുറിപ്പാൻ അത്ഥം മഴ

൧൫൩. ഇളന്തല കുഴിയാട്ടയാക്കരുത്

൧൫൪. ഇളമാൻ കടവറിയാ മുതുമാൻ ഒട്ടംവല്ലാ

൧൫൫. ഇളമ്പക്കത്തൊട്ടിൽ നായി കയറിയതു പൊലെ

൧൫൬. ഇളിച്ചവായന്നു അപ്പം കിട്ടിയതു പൊലെ

൧൫൭. ഈച്ചെക്ക പുണ്ണുകാട്ടല്ല പിള്ളക്കനൊണ്ണുകാട്ടല്ല

൧൫൮. ഈത്തപ്പഴം പഴുക്കുമ്പൊൾ കാക്കെക്കവായ്പുണ്ണു

൧൫൯. ഈർ എടുത്തെങ്കിൽ പെൻകുലിയൊ

൧൬൦. ഈറ്റമായൻ നെടിയതു ചക്കരമായൻ തിന്നു

൨൩൧. ഈറ്റെടുപ്പാൻ പൊയ ആൾ ഇരട്ടപെറ്റു

൨൩൨. ഈഴത്തെ കണ്ടവർ ഇല്ലം കാണകയില്ല

൨൩൩. ഉക്കണ്ടം എനിക്കാതെങ്ങമുല്ലപ്പള്ളിക്കും

൨൩൪. ഉക്കെത്തുപുണ്ണുള്ളവന്ന തൽകടക്കുമൊ

൨൩൫. ഉടുപ്പാൻ ഇല്ലാത്തൊൻ എങ്ങിനെ അയലിന്മെലിടും

൨൩൬. ഉണ്ട ഉണ്ണി ഓടികളിക്കും ഉണ്ണാത്ത ഉണ്ണി ഇരുന്ന കളിക്കും

൨൩൭. ഉണ്ട ചൊറ്റിൽ കല്ലിടരുത്

൨൩൮. ഉണ്ടവൻ അറികയില്ല ഉണ്ണാത്തവന്റെ വിശപ്പ്.

൨൩൯. ഉണ്ടവന്ന പായി കിട്ടാഞ്ഞിട്ട് ഉണ്ണാത്തവന്ന ഇലകിട്ടാഞ്ഞിട്ടു.

൨൪൦. ഉണ്ടവീട്ടിൽ കണ്ടുകെട്ടരുത്

൨൪൧. ഉണ്ണിയെ കണ്ടാൽ ഊരിലെപഞ്ചഅറിയാം

൨൪൨. ഉണ്ണുമ്പൊൾ ശോരവും ഉറക്കത്തിൽ ആചാരവും ഇല്ല

൨൪൩. ഉണ്മാൻ ഇല്ലാഞ്ഞാൽ വിത്തുകുത്തി ഉണ്ണാം ഉടുപ്പാൻ ഇല്ലാഞ്ഞാൽ പട്ടുടുക്ക

൨൪൪. ഉണ്മൊരെ ഭാഗ്യം ഉഴുതെടം കാണാം

൨൪൫. ഉത്സാഹം ഉണ്ടെങ്കിൽ അത്താഴം ഉണ്ണാം

൨൪൬. ഉന്തിക്കയറ്റിയാൽ ഊരിപ്പൊരും

൨൪൭. ഉപകാരം ഇല്ലാത്ത ഉലക്കെക്കരങ്ങ തലക്കുചുറ്റു കെട്ടുന്നതിനെക്കാൾ തന്റെ കഴുത്തിൽ കല്ലുകെട്ടി കിണറ്റിൽ ചാടി ചാകുന്നതഏറനല്ലൂ

൨൪൮. ഉപ്പിൽഇട്ടത് ഉപ്പിനെക്കാൾ പുളിക്കയില്ല

൨൪൯. ഉപ്പുതിന്നാൽ തണ്ണീർ കുടിക്കും

൨൫൦. ഉപ്പുപുളിക്കലും മൊട്ടുചതിക്കും

൨൫൧. ഉമികുത്തിപുകകൊണ്ടു

൨൫൨. ഉരലിന്ന മുറിച്ചാലെ തുടിക്ക കണക്കവു

൨൫൩. ഉരല്ക്കീഴിൽ ഇരുന്നാൽ കുത്തു കൊള്ളും

൨൫൪. ഉരൽ ചെന്ന മദ്ദളത്തൊടു അന്യായം

൨൫൫. ഉലക്കെക്ക മുറിച്ചു കുറുവടിയായി

൨൫൬. ഉള്ളതു പറഞ്ഞാൽ ഉറിയുംചിരിക്കും

൨൫൭. ഉള്ളവന്റെ പൊൻകപ്പാൻ ഇല്ലാത്താവന്റെ പാരവെണ്ടു

൨൫൮. ഉള്ളിൽ വജ്രം പുറമെ പത്തി (൨)

൧൮൯. ഊക്കറിയാതെ തുള്ളിയാൽ ഊരരണ്ടുമുറി

൧൯൦. ഊട്ടുകെട്ട പട്ടർ ആട്ടുകെട്ട പന്നി

൧൯൧. ഊണിന്നും കുളിക്കും (ഉഗ്രാണത്തിന്നും)മുമ്പു പടെക്കും കുടെക്കും ചളിക്കും നട്ട നല്ല

൧൯൨. ഊനങ്ങൾ വന്നാൽ ഉപായങ്ങൾ വെണം

൧൮൩. ഊന്നു കുലെക്കയില്ല

൧൯൪. ഊമരിൽ കൊഞ്ഞൻ സവ്വജ്ഞൻ

൧൯൫. ഊർ അറിഞ്ഞവനെ ഒല വായിക്കാവു

൧൯൬. ഊരാൾ ഇല്ലാത്ത മുക്കാൽ വട്ടത്തു താറും വിട്ടു നിരങ്ങാം

൧൯൭. ഊരാളിക്ക വഴി തിരിച്ചതു പൊലെ

൧൯൮. ഊർവിട്ട നായിനെപൊലെ

൧൯൯. എടുത്ത വെറ്റിയെ മറക്കൊല്ലാ

൨൦൦. എടുത്തുചാടിയ പൂച്ച എലിയെ പിടിക്കയില്ല

൨൦൧. എണ്ണിഎണ്ണി കുറുകുന്നിതായുസ്സും മണ്ടി മണ്ടി കരെറുന്നു മൊഹവും

൨൦൨. എണ്ണിയ പയറ് അളക്കെണ്ടാ

൨൦൩. എൺപത്തിരിക്കൊൽ പുരയുടെ കല്ലും മണ്ണും എല്ലാം തിന്നിട്ടും എനിക്ക പി-ത്തം പിടിച്ചില്ല. ഇനി ഈ കൊട്ടടക്കയുടെ നുറുക്കുതിന്നാൽ പിടിക്കുമൊ

൨൦൪. എമ്പ്രാന്റെ വിളക്കകെത്തു വാരിയന്റെ അത്താഴം പോലെ

൨൦൫. എനിച്ചൊരു കൊഴ പറിച്ചൂന്നാക്കരുത്

൨൦൬. എരുമക്കിടാവിന്നു നീന്തം പഠിപ്പിക്കെണ്ടാ

൨൦൭. എറുമ്പിന്നു ഇറവെള്ളം സമുദ്രം

൨൦൮. എലി നിരങ്ങിയാൽ പിട്ടം തഴകയില്ല

൨൦൯. എലി പന്നി പെരിച്ചാഴിപട്ടരും വാനരൻ തഥാ ഇവർ ഐവരും ഇല്ലെങ്കിൽ മലയാളം മഹൊത്സവം

൨൧൦. എലിപ്പുലയാട്ടിന്നു മലപ്പുലയാട്ടു

൨൧൧. എലിപിടിക്കും പൂച്ച കലം ഉടെക്കും

൨൧൨. എലിയെത്തോൽപ്പിച്ച് ഇല്ലം ചുട്ടാൽ എലി ചാടിയും പൊം ഇല്ലം വെന്തും പൊം

൨൧൩. കൊല്ലാ ഗർഭവും പെറ്റു ഇനി കടിഞ്ഞഗർഭവും പെറെണ്ടും

൨൧൪. എല്ലാ ഭഗവതിയും വെളിച്ചപ്പെട്ടുട്ടപ്പിനിച്ചിപ്പൊതിയെ ഉള്ളു വെളിച്ചപ്പെടാൻ

൨൧൫. എല്ലാ മാരയാനും തണ്ടിന്മെൽ ചങ്കര മാരയാൻ തൊണ്ടിന്മെൽ. എല്ലാ മാര-

യാനും പീശ്ശാങ്കത്തി ചങ്കരമാരയാന പൂച്ചക്കുട്ടി

൨൧൬. എല്ലാരും തെങ്ങാ ഉടെക്കുമ്പൊൾ ഞാൻ ഒരു ചിരട്ടയെങ്കിലും ഉടെക്കണം

൨൧൭. എല്ലുമുറിയ പണിതാൽ പല്ലുമുറിയ തിന്നാം

൨൧൮. എളിയൊരെ കണ്ടാൽ എള്ളും തുള്ളും

൨൧൯. എള്ളുചൊരുന്നതു കാണും തെങ്ങാ തല്ലുന്നതറിയുന്നില്ല

൨൨൦. എള്ളൊളം തിന്നാൽ എള്ളൊളം നിറയും

൨൨൧. എഴുന്ന ഊക്കിന്നു തുള്ളിയാൽ ഊരരണ്ടുമുറി (൧൭൬)

൨൨൨. ഏകൽ ഇല്ലായ്കയാൽ ഏശിയില്ല

൨൨൩. ഏക്കം കൊടുത്തിട്ട് ഉമ്മട്ടം വാങ്ങുക

൨൨൪. ഏക്കറ്റത്തിന്നു നാക്കണ്ടതു

൨൨൫. ഏങ്ങുന്ന അമ്മെക്ക കുരെക്കുന്ന അഛ്ശൻ

൨൨൬. ഏടെക്കും മൊഴെക്കും ചുങ്കം ഇല്ല

൨൨൭. ഏട്ടിൽകണ്ടാൽ പൊരാ കാട്ടികാണെണം

൨൨൮. ഏതാനും ഉണ്ടെങ്കിൽ ആരാനും ഉണ്ടു

൨൨൯. ഏറ കിഴക്കൊട്ടു പൊയാൽ പനിപിടിക്കും

൨൩൦. ഏറചിത്രം ഓട്ടപ്പെട്ടും

൨൩൧. ഏറപ്പറയുന്നവന്റെ വായിൽ രണ്ടുപണം

൨൩൨. ഏറവലിച്ചാൽ കൊടിയും കീറും

൨൩൩. ഏറെവെളുത്താൽ പാണ്ടു

൨൩൪. ഏറിപ്പൊയാൽ കൊരിക്കുടാ

൨൩൫. ഏറിയതും കുറഞ്ഞതും ആകാ

൨൩൬. ഏറ്റും മുഖവും ഒന്നൊത്തുവന്നു

൨൩൭. ഒട്ടുംഇല്ലാത്തഉപ്പാട്ടിക്കഒരു കണ്ടംകൊണ്ടാലും പൊരെ

൨൩൮. ഒത്തുപറഞ്ഞാൽ ഉറിയുംചിരിക്കും. (൧൭൬)

൨൩൯. ഒന്നകിൽ കളരിക്ക പുറത്തു അല്ലെങ്കിൽ കുരിക്കളെ നെഞ്ഞത്തു

൨൪൦. ഒന്നു കൊടുത്താൽ ഇരട്ടിക്കും ഇക്കാലം

൨൪൧. ഒരുകൊമ്പു പിടിച്ചാലും പുളിക്കൊമ്പു പിടിക്കെണം

൨൪൨. ഒരു തൊഴുത്തിൽ മുളയുന്നപശുക്കൾ കുത്തുന്നതും വടിക്കുന്നതും അയൽഅറിയാ

൨൪൩. ഒരുത്തനായാൽ ഒരുത്തിവെണം

൨൪൪. ഒരുത്തനും കരുത്തനും വണ്ണത്താനും വളിഞ്ചിയനും കൃഷിയരുത്

൨൪൫. ഒരുത്തനെ പിടികുകിൽ കരുത്തനെ പിടിക്കെണം

൨൪൬. ഒരുദിവസം തിന്നചോറും കുളിച്ചകുളവും മറക്കരുത്

൨൪൭. ഒരുമ ഉണ്ടെങ്കിൽ ഉലക്കമെലും കിടക്കാം

൨൪൮. ഒരു ഒല എടുത്താൽ അകവും പുറവും വായിക്കെണം

൨൪൯. ഒരു വെനല്ക്ക ഒരു മഴ

൨൫൦. ഒറ്റമരത്തിൽ കുരങ്ങുപൊലെ

൨൫൧. ഒറ്റക്ക് ഉലക്ക കാക്കാൻ പോയൊൻ ക്ലക്കട്ടെ

൨൫൨. ഒലിപ്പിൽ കുഴിച്ചിട്ട തറിപോലെ

൨൫൩. ഒഴുകുന്ന തൊണിക്ക ഒർ ഉന്തു

൨൫൪. ഓടംമാടായ്ക്ക പൊകുമ്പൊൾ ഒലക്കെട്ടു വെറെ പൊകണമൊ

൨൫൫. ഒടുന്നതിന്റെ കുട്ടി പറക്കും

൨൫൬. ഒട്ടക്കാരന്നു വാട്ടം ചെരുകയില്ല

൨൫൭. ഓണം അടുത്തചാലിയന്റെ ഒട്ടം (കൂട്ടു)

൨൫൮. ഒണം വന്നാലും ഉണ്ണി പിറന്നാലും കൊരന്നു കുമ്പിളിൽ കഞ്ഞി

൨൫൯. ഒമനപ്പെണ്ണു പണിക്കാകാ

൨൬൦. ഒലക്കണ്ണിപ്പാമ്പുകൊണ്ടു പെടിപ്പിക്കെണ്ടാ

൨൬൧. ഒല കളയാത്തൊൽ നാടുകളയും

൨൬൨. ഒലപ്പുരെക്കും ഒട്ടുപുരെക്കും സ്ഥാനം ഒന്നു

൨൬൩. ഒത്ത്വൻ ഒരാണ്ടുപാത്ത്വൻ ൧൨ ആണ്ടു (൨൭൭)

൨൬൪. കക്കുവാൻ പഠിച്ചാൽ ഞെലുവാൻ പഠിക്കെണം (കക്കുവാൻ തുടങ്ങിയാൽ നി-
ല്ക്കാൻ പഠിക്കെണം)

൨൬൫. കക്കാൻ പൊകുമ്പൊൾ ചിരിക്കല്ല

൨൬൬. കച്ചിട്ടിറക്കിയും കൂടാ മധുരിച്ചിട്ടുതുപ്പിയും കൂടാ

൨൬൭. കടച്ചിച്ചാണകം വളത്തിനാകാ

൨൬൮. കടച്ചിയെ കെട്ടിയെടം പശുചെല്ലും

൨൬൯. കടന്നക്കൂടിന്നു കല്ലെടുത്തു എറിയുമ്പൊലെ

൨൭൦. കടപ്പുറം കിടക്കുമ്പൊൾ കാല്ക്കത്തൽ കിടക്കെണമൊ

൨൭൧. കടം വാങ്ങി ഇടെചെയ്യല്ല

൨൭൨. കടം വീടിയാൽ ധനം

൨൭൩. കടലിൽ കായം കലക്കിയതു പൊലെ

൨൭൪. കടിക്കുന്നതു കരിമ്പു പിടിക്കുന്ന തിരുമ്പു

൨൭൫. കടിഞ്ഞാണില്ലാത്ത കുതിര ഏതിലെയും പായും

൨൭൬. കടുകീറികായ്യും ആന കൊണ്ട ഒശാരം (കടുകീറി കണക്ക് ആന കെട്ടി ഒശാരം)

൨൭൭. കടുചൊരുന്നതുകാണും ആനചൊരുന്നതു കാണാ

൨൭൮. കടുമ്പിരി കയർ അറുക്കും

൨൭൯. കട്ടതു ചുട്ടു പൊകും

൨൮൦. കട്ടവനൊടു കട്ടാൻ മൂന്നു മൂളൽ

൨൮൧. കുട്ടികുട്ടിയാൽ കമ്പയും ചെല്ലും

൨൮൨. കട്ടിൽ ചെറുതെങ്കിലും കാൽ നാലു വെണം

൨൮൩. കട്ടെറുമ്പുപിടിച്ച് ആസനത്തിൻ കീഴിൽവെക്കുന്നതു പൊലെ

൨൮൪. കട്ടൊനെ കാണാഞ്ഞാൽ കണ്ടവനെ പിടിച്ചു കഴുവെറ്റാം

൨൮൫. കണ്ടതെല്ലാം കൊണ്ടാൽ കൊണ്ടതെല്ലാം കടം

൨൮൬. കണ്ടംകൊണ്ടവനെ പിണ്ടം വെക്കും

൨൮൭. കണ്ടമീൻ എല്ലാം കറിക്കാകാ

൨൮൮. കണ്ടറിയാഞ്ഞാൽ കൊണ്ടറിയും

൨൮൯. കണ്ടാൽ അറിയാം കൊണ്ടാൽ കൊടുക്കുന്നതു

൨൯൦. കണ്ടിമുഖത്തുമീൻ അടുത്ത പൊലെ

൨൯൧. കണ്ടിയിരിക്കെ മതിൽ തുള്ളരുത്

൨൯൨. കണ്ണു ചിമ്മി ഇരുട്ടാക്കി

൨൯൩. കണ്ണു പൊയാൽ അറിയാം കണ്ണിന്റെ കാഴ്ച

൨൯൪. കണ്ണെത്താക്കുളം ചെന്നെത്താ വയൽനഞ്ഞും നായാട്ടും മറുമരുന്നില്ലാത്ത ആന്തയും-

൨൯൫. കണ്ണൊടു കൊള്ളെണ്ടതു പുരികത്തൊടായ്പ്പൊയി

൨൯൬. കത്തിവാളൊടുചോദിച്ചിട്ടൊ കാടുവയക്കുക

൨൯൭. കത്തുന്ന തീയിൽ നെയി പകരുമ്പൊലെ

൨൯൮. കമ്പത്തിൽ കയറി ആയിരം വിദ്യ കാട്ടിയാലും സമ്മാനം വാങ്ങുവാൻ താഴിൽ വരെണം

൨൯൯. കമ്പിളിക്കുണ്ടൊകര

൩൦൦. കയ്യിലിന്നതക്കകണ
൩൦൧. കയ്യന്റെകയ്യിൽകത്തി ഇരുന്നാൽ കടവഴിക്കുറ്റിക്കുനാശം
൩൦൨. കയ്യാടി എങ്കിലെ വായാട്ടം
൩൦൩. കയ്യിൽ കൊടുത്താൽ കള്ളനും കക്കാ
൩൦൪. കയ്യൂക്കുള്ളവൻകാര്യക്കാരൻ
൩൦൫. കരണത്തിന്നുമെന്നു കൈമുറി
൩൦൬. കരയടുക്കുമ്പൊൾ തുഴയിട്ടു കളയല്ലെ
൩൦൭. കരയുന്നകുട്ടിക്കെ പാൽ ഉള്ളു
൩൦൮. കരിക്കട്ട കഴുകുന്തൊറും കറുക്കും
൩൦൯. കരിമ്പിൻ തൊട്ടത്തിൽ ആന കടന്നപൊലെ
൩൧൦. കരിമ്പിന്നു കമ്പു ദൊഷം
൩൧൧. കരിമ്പെന്നും ചൊല്ലി വെരൊളം ചവെക്കല്ല
൩൧൨. കരുത്തിന്നു കാരം ഗുരുത്വം
൩൧൩. കൎക്കടഞാറ്റിൽ പട്ടിണി കിടക്കുന്നതു പുത്തരി കഴിച്ചാൽ മറക്കരുത്
൩൧൪. കറിക്ക പൊരാത്ത കണ്ടം നറുക്കല്ല
൩൧൫. കറ്റയും തലയിൽവെച്ചു കളം ചെത്തരുതു
൩൧൬. കറ്റെക്ക താൾപടി പണയമൊ
൩൧൭. കലത്തിൽ നിന്നു പൊയാൽ കഞ്ഞിക്കലത്തിൽ
൩൧൮. കല്പന തന്നെ പൊരാ കലിപിൽ നിനവും വെണം
൩൧൯. കളിയും ചിരിയും ഒപ്പരം കഞ്ഞിക്ക പൊകുമ്പോൾ വെവ്വെറെ
൩൨൦. കള്ളത്തി പശുവിന്നു ഒരു തട്ട(മുട്ടി)തുള്ളിച്ചി പെണ്ണിന്നു ഒരു കുട്ടി
൩൨൧. കള്ളിയിൽ കുത്തി കൈ എടുത്തപ്പൊലെ
൩൨൨. കള്ളുകണ്ട ഈച്ചപ്പൊലെ
൩൨൩. കഴുത അറിയുമൊ കുങ്കുമം
൩൨൪. കഴുതയെ തെച്ചാൽ കുതിരയാകുമൊ
൩൨൫. കാകന്റെ കഴുത്തിൽ മണികെട്ടിയ പൊലെ
൩൨൬. കാക്കളുവൽകൊണ്ടമ്പുകെട്ടിയാൽ കാഷ്ഠത്തിലെകുത്തും
൩൨൭. കാക്കനൊക്കറിയും കാട്ടിആളറിയും
൩൨൮. കാക്കയും കുയിലുംഭെദമില്ലയൊ

൩൨൯. കാക്കയുടെഒച്ചെക്കപെടിക്കുന്നവൾ അൎദ്ധരാത്രിയിൽത്തന്നെആറുനീന്തും

൩൩൦. കാക്കവായിലെ അട്ടച്ചാകും

൩൩൧. കാക്കെക്കു ചെക്കിടം കൊടുത്താൽ കാലത്താലെനാശം

൩൩൨. കാക്കെക്കു തമ്പിള്ള പൊമ്പിള്ള

൩൩൩. കാച്ചവെള്ളത്തിൽ വാണപൂച്ച പച്ചവെള്ളം കണ്ടാലും പെടിക്കും

൩൩൪. കാഞ്ഞഒട്ടിൽവെള്ളംപകൎന്നപൊലെ

൩൩൫. കാടിക്കഞ്ഞിയും മൂടിക്കുടിക്കെണം

൩൩൬. കാട്ടുകളഞ്ഞവന്റെകൈകൊത്തുമാറുണ്ടൊ

൩൩൭. കാട്ടിലെ മരം തെവരുടെ ആന എത്തിയവിടത്തറ്റം വലിക്കട്ടെ വലിക്കട്ടെ

൩൩൮. കാട്ടിലെ മുത്തച്ചിയുടെ പശുവിനെ പുലിപിടിച്ചാൽ പുലിക്കു നാട്ടിലും കാട്ടിലും ഇരുന്നൂടാ

൩൩൯. കാട്ടുകൊഴിക്കുണ്ടൊ സംക്രാന്തി

൩൪൦. കാട്ടുകൊഴി വീട്ടു കൊഴിയാവൊ

൩൪൧. കാണെ വിറ്റും ഒണം ഉണ്ണെണം

൩൪൨. കാണാതെ കണ്ട കുശത്തിതാൾ എല്ലാംവാരി തുറുത്തി

൩൪൩. കാണ്മാൻ വന്നവൻ കഴുവെറി

൩൪൪. കാതറ്റ പന്നിക്ക കാടുടെയും പായാം-കാതറ്റ പെണ്ടിക്കു കാട്ടിലും നീളാം

൩൪൫. കാതറ്റ സൂചിയും കൂടവരാതു

൩൪൬. കാമം കാലൻ

൩൪൭. കാരണവർകാലം ഒരു കണ്ടിഞാങ്കാലം നാലുകണ്ടി

൩൪൮. കാരമുരട്ടുചീര മുളെക്കയില്ല ചീരമുരട്ടുകാര മുളെക്കയില്ല

൩൪൯. കാരാടൻ ചാത്തൻ നട്ടുപറഞ്ഞ പൊലെ

൩൫൦. കാൎത്തികകഴിഞ്ഞാൽ മഴയില്ല കൎണ്ണൻ പെട്ടാൽ പടയില്ല

൩൫൧. കാൎയ്യത്തിന്നു കഴുതക്കാലും പിടിക്കെണം

൩൫൨. കാൎയ്യം പറയുമ്പൊൾ കാലുഷ്യം പറയല്ലെ

൩൫൩. കാൎയ്യം വിട്ടു കളിക്കല്ല

൩൫൪. കാറ്ററിയാതെ തുപ്പിയാൽ ചെവിയറിയാതെ കിട്ടും

൩൫൫. കാറ്റു നന്നെങ്കിൽ കല്ലും പറക്കും

൩൫൬. കാറ്റുശമിച്ചാൽ പറക്കുമൊ പഞ്ഞികൾ

൩൫൭. കാലം നീളെ ചെന്നാൽ നെർതംനെഅറിയാം

൩൫൮. കാലത്തു തൊണി കടവത്തു എത്തും (കാലെ തുഴഞ്ഞാൽ കരെക്കണയും)

൩൫൯. കാലെ വന്നവൻ കാരണവൻ വീട്ടിൽ പിറന്നവൻ പുലവൻ

൩൬൦. കാൽമെൽ ചവിട്ടല്ല കൊമച്ചകളി കാണെണ്ട എങ്കിൽ കാണെണ്ട

൩൬൧. കാശിയില്ലാത്തവൻ കാശിക്ക പൊയാലും ഫലമില്ല

൩൬൨. കിടക്കുന്നതു കാവല്പാള സ്വപ്നം കാണുന്നതു മച്ചും മാളികയും

൩൬൩. കിണറ്റിൽ വീണപന്നിക്ക കല്ലും പാറയും തുണ

൩൬൪. കിണ്ണം വീണ ഒശയും കെട്ടു

൩൬൫. കിഴങ്ങു കണ്ട പണിയൻ ചിരിക്കുമ്പൊലെ

൩൬൬. കീരിയും മൂൎഖനും പൊലെ സ്നെഹം

൩൬൭. കീരിയെ കണ്ട പാമ്പു പൊലെ

൩൬൮. കുഞ്ഞന്റെകണ്ണങ്ങമ്മിയുടെഉള്ളിലും

൩൬൯. കുഞ്ഞിയിൽ പഠിച്ചത്ഒഴിക്കയില്ല

൩൭൦. കുടകുമലയിന്നു പെറുകിഴിഞ്ഞ കാണിയാക്കെണ്ടി എരയിന്റെ തലയിലൊ

൩൭൧. കുടത്തിൽ വെച്ച വിളക്കുപൊലെ

൩൭൨. കുടം കമിഴ്ത്തി വെള്ളം പകന്നുപൊലെ

൩൭൩. കുടൽ വലിയൊന്നു ചക്ക

൩൭൪. കുട്ടുമെക്കമീതെ കമ്മം ഇല്ല- ആക മുങ്ങിയാൽ ശീതം ഒന്നു

൩൭൫. കുടെക്കടങ്ങിയ വടിയായിരിക്കണം

൩൭൬. കുട്ടിക്കരിക്കുട്ടി വെക്കെണ്ടാ

൩൭൭. കുണ്ടി എത്ര കുളം കണ്ടു കുളം എത്ര കുണ്ടി കണ്ടു

൩൭൮. കുണ്ഡലം ഇല്ലാത്തവർ കാണാത നാടു

൩൭൯. കുതിരെക്ക കൊമ്പു കൊടുത്താൽ മലനാടു ഒരുത്തരും വെക്കുകയില്ല

൩൮൦. കുത്തുകൊണ്ട പന്നി നെരങ്ങും പൊലെ

൩൮൧. കുത്തുകൊള്ളുമ്പുറം കുത്തുകൊള്ളാഞ്ഞാൽ പിത്തം കരെറി ചത്തുപൊം (കുത്തും തല്ലും ചെണ്ടെക്ക അപ്പവും ചൊറും മാരയാന (൧൩)

൩൮൨. കുത്തുവാൻ വരുന്ന പൊത്തൊടു വെദം ഒതിയാൽ കാൎയ്യമൊ

൩൮൩. കുനിയൻ മദിച്ചാലും ഗൊപുരം ഇടിക്കാ

൩൮൪. കുന്തം കൊടുത്തു കുത്തിക്കൊല്ലാ

൩൮൫. കുന്തം പൊയാൽ കുടത്തിലും തപ്പെണം

൩൮൬. കുന്തം മുറിച്ച് ഇട്ടി ആക്കരുത്

൩൮൭. കുന്നലകൊനാദിരിയുടെ പദവിയും ഉള്ളാടൻ ചെനന്റെ അവസ്ഥയും

൩൮൮. കുന്നിക്കുരു കപ്പയിൽ ഇട്ടാലും മിന്നും

൩൮൯. കുന്നൊളം പോന്നു കൊടുത്താൽ കുന്നിയൊളം സ്ഥാനം കിട്ടാ

൩൯൦. കുപ്പയിൽ കിടന്നു മാളിക കിനാകാണും (൩൬൨)

൩൯൧. കുപ്പയിൽയിരുന്നൊൻ മാടം കനാകാണും

൩൯൨. കുപ്പ ചിനക്കയാൽ ഒട്ടുക്കലം

൩൯൩. കുരങ്ങൻ ചത്ത കുറവനെ പൊലെ

൩൯൪. കുരങ്ങിന്നു ഏണി ചാരൊല്ല

൩൯൫. കുരങ്ങിന്റെ കൈയിൽ മാലകിട്ടിയതു പൊലെ

൩൯൬. കുരൾ എത്തും മുമ്പെ തളപ്പറ്റു

൩൯൭. കുരു ഇരന്ന മലയന്നു ചക്കകൊടുത്താൽ ഏറ്റമായി

൩൯൮. കുരുടന്മാർ ആനയെ കണ്ടപൊലെ

൩൯൯. കുരുവറുത്ത ഒടല്ല ചക്ക പുഴുങ്ങിയ കലമാകുന്നു

൪൦൦. കുരെക്കുന്ന നായി കടിക്കയില്ല

൪൦൧. കുരെക്കുന്ന നായിക്ക് ഒരു പൂള തെങ്ങാ

൪൦൨. കുറിക്കുവെച്ചാൽ മതില്ലെങ്കിലും കൊള്ളെണം

൪൦൩. കുറിച്ചി വളർന്നാൽ ആവൊലിയെളം

൪൦൪. കുറുക്കന്നു ആമയെ കിട്ടിയതു പൊലെ

൪൦൫. കുറുക്കൻ കരഞ്ഞാൽ നെരം പുലരുകയില്ല

൪൦൬. കുറുപ്പ കണ്ടൊത്ത കുറുപ് പളട്ടപ്പിന്റെ വിവരം ഞാൻ അറിയൂല്ല

൪൯൭. കുറെച്ച ഉള്ളതും കഞ്ഞിയൊടു പൊയി

൪൦൮. കുലം എളിയവന്നു മനം എളുതു

൪൦൯. കുലം കെട്ടൊതെ ചങ്ങാതിയാക്കല്ല

൪൧൦. കുലമല്ലാത്തൊന്റെ ചങ്ങാത്തം കെട്ടി ഊരും ഇല്ല ഉടലും ഇല്ല

൪൧൧. കുലയാനതലവൻ ഇരിക്കവെ കുഴിയാന മദിക്കും കനക്കവെ

൪൧൨. കുലയാന മുമ്പിൽ കുഴിയാനയെ പൊലെ

൪൧൩. കുളത്തിൽനിന്നു പൊയാൽ വലയിൽ വലയിൽ നിന്നു പൊയാൽ കുളത്തിൽ

൪൫൪. കുളത്തൊടു കൊമ്പിച്ചിട്ടു ശൌചിക്കാഞ്ഞാൽ ഊര നാറുകെ ഉള്ളു
൪൫൫. കുളംകുഴിക്കുമ്പൊൾ കുറ്റി വെറെ പൊരിക്കെണ്ടാ
൪൫൬. കുഴിച്ചിട്ടതിന്നുറപ്പുണ്ടെങ്കിലെ കൊണ്ടച്ചാരിയതു നിൽക്കും
൪൫൭. കുഴിയാന മദിച്ചാൽ തലയാന ആകുമൊ
൪൫൮. കുഴിയാനയുടെ ചെൽ പറയുന്തൊറും വഴിയൊട്ടു
൪൫൯. കുഞ്ഞോളംമെത്തിയാൽ മുള്ളുന്നും ഇല്ല
൪൬൦. കുടകിടന്നവനെ രാപ്പനിയെ അറിഞ്ഞു കൂടും
൪൬൧. കൂടംകൊണ്ട് ഒന്നെങ്കിൽ കൊട്ടി കൊണ്ടു രണ്ടു
൪൬൨. കൂട്ടത്തിൽ കൂടിയാൽ കുക്കിരിയും വമ്പൻ
൪൬൩. കൂട്ടിൽ ഇട്ട മെരുവിനെ പൊലെ
൪൬൪. കൂറകപ്പലിൽ (മണപ്പാട്ടു) പൊയ പൊലെ
൪൬൫. കെട്ടിയ മരത്തിന്നു കുത്തരുതു
൪൬൬. കെട്ടിയിട്ട പട്ടിക്ക കുപ്പയെല്ലാം ചൊറു
൪൬൭. കെട്ടുപാടിന്നു കൊടുത്താൽ മുട്ടിന്നു കിട്ടും
൪൬൮. കേമത്തിനു കെടില്ല
൪൬൯. കേരളം ബ്രാഹ്മണക്ക സ്വൎഗ്ഗം ശെഷം ജാതികൾക്കു നരകം
൪൭൦. കൈ നനയാതെ മീൻ പിടിക്കാമൊ
൪൭൧. കൈപ്പത്തടത്തിൽ തവള നിയ്യെണം
൪൭൨. കൈപ്പുണ്ണിന്നു കണ്ണാടി (കണ്ണട) വെണ്ടാ
൪൭൩. കൈയിൽ നിന്നു വീണാൽ എടുക്കാം വായിൽ നിന്നു വീണാൽ എടുത്തുകൂടാ
൪൭൪. കൊങ്ങണം വളഞ്ഞതു എന്തുപറ
൪൭൫. കൊഞ്ചൻ കൊത്തു കുളവൻ വറ്റു
൪൭൬. കൊഞ്ചൻ തുള്ളിയാൽ മുട്ടൊളം എറതുള്ളിയാൽ ചട്ടിയിൽ
൪൭൭. കൊടാത്തവനൊടു വിടാതിരക്ക
൪൭൮. കൊടിലിന്നു കൊട്ടു
൪൭൯. കൊടുത്താകെക്കാശയും കൊണ്ടു കൈക്ക ഭീതിയും (കൊടുക്കുന്നെടത്താശ കൊല്ലുന്നെടത്തു വെടി)
൪൮൦. കൊടുത്തു കൊള്ളെണം വിദ്യ കൊത്തു കെട്ടെണം കച്ച
൪൮൧. കൊണ്ടൊൻ തിന്നൊൻ വീട്ടട്ടെ

൪൪൨. കൊണ്ടവൻ കൊടുക്കും കൊണ്ടവൻ അഞ്ചും

൪൪൩. കൊണ്ടാടിയാൽ കുരണ്ടിയും ദൈവം

൪൪൪. കൊണ്ടാൽ കൊണ്ട പരിച്

൪൪൫. കൊണ്ടെടത്തു കൊടുക്കാഞ്ഞാൽ രണ്ടെടത്തു കൊടുക്കെണം

൪൪൬. കൊതിച്ചതുവരാ വിധിച്ചതെ വരും

൪൪൭. കൊതുപൊകുന്നത് അറിയും ആന പൊകുന്നതറിയുന്നില്ല

൪൪൮. കൊതികൊണ്ടു പറക്കാനും പാടില്ല വെച്ചൊണ്ടു തിന്മാനും പാടില്ല

൪൪൯. കൊത്തുന്ന കത്തി പണയത്തിലാക്കൊല്ല

൪൫൦. കൊന്നാൽപാപം തിന്നാൽ തീരും

൪൫൧. കൊമ്പൻ എന്നും ചൊല്ലിപിടിക്കുമ്പൊഴെക്ക ചെവിയൻ

൪൫൨. കൊമ്പൻ പൊയതു മൊഴെക്കും വഴി

൪൫൩. കൊമ്പന്റെ മുമ്പാക വമ്പന്റെ പിമ്പാക

൪൫൪. കൊമ്പുതൊറും നനെക്കെണ്ടാ മുരട്ടു നനച്ചാൽമതി

൪൫൫. കൊല്ലപ്പെരുവഴി തള്ളെക്ക സ്ത്രീധനമൊ

൪൫൬. കൊല്ലുന്ന രാജാവിന്നു തിന്നുന്ന മന്ത്രി

൪൫൭. കോടി ഉടുത്തു കുളങ്ങര ചെന്നാൽ കൊണ്ടതിൽ പാതിവില

൪൫൮. കോടികോടി കോടി കൊടുത്താൽ കാണി കൊടുത്ത ഫലം-കൊടാതെ ഒരു കാണി കൊടുത്താൽ കോടി കൊടുത്ത ഫലം

൪൫൯. കൊട്ടം പൊളിഞ്ഞാൽ ഭഗവതി പട്ടുവത്തു

൪൬൦. കൊട്ടയിൽ ഉപദെശം അങ്ങാടിയിൽ പാട്ടു (കൊട്ടയിൽ അകത്തു മന്ത്രം-അ-പ)

൪൬൧. കോണം കൊടുത്തു പുതപ്പു വാങ്ങി

൪൬൨. കൊന്തല ഇല്ലെങ്കിൽ നാന്തല വെണം

൪൬൩. കോപത്തിനു കണ്ണില്ല

൪൬൪. കൊപിക്കു കുരണ്ട

൪൬൫. കൊരിക്കണ്ട വാഴയാകാ ദൂരക്കണ്ട നാരിയാകാ

൪൬൬. കൊൽ ഇവിടെ ഉറെച്ചു ആലയും ചക്കും ഇനി ഒക്കാനുള്ളു

൪൬൭. കൊളാമ്പിക്ക ളുക്കിയ ഒട്ടു പൊലെ

൪൬൮. കൊഴിക്ക നെല്ലും വിത്തും ഒക്കും

൪൬൯. കൊഴിയിറച്ചി തിന്നു മാറുണ്ടു കൊഴിപ്പൂ ചൂടുമാറുണ്ടൊ

൪൭൦. കൊഴിമുട്ട ഉടെക്കാൻ കുറവടി വെണ്ടാ

൪൭൧. ക്ഷെത്രു പാലന്ന പാത്രുത്തൊടെ

൪൭൨. ക്ഷൗരത്തിന്നു തെങ്ങാ കൊടുത്തയക്കെണം

൪൭൩. ഗതികെട്ടാൽ പുലിപുല്ലും തിന്നും

൪൭൪. ഗതികെട്ടാലെന്തു ചെയ്യാം ചാമ എങ്കിലും ചെമ്മുയ്യ

൪൭൫. ഗുരുക്കളെ നിനെച്ചു കുന്തവും വിഴുങ്ങെണം

൪൭൬. ഗുരുക്കൾക്ക കൊടുക്കുന്നത് അപ്പം തിന്നാൽ പലിശെക്ക് കൊള്ളുന്നതു പുറത്തു (ഗുരുക്കൾക്ക വെച്ചതു ചക്ക കൊണ്ടാൽ പലിശക്കുള്ളതു പുറത്തു)

൪൭൭. ഗുരുവില്ലാത്ത വിദ്യായാകാ (ഘടദീപംപൊലെ(൩൭൧)

൪൭൮. ചക്കയാകുന്നു ചൂന്നു നൊക്കുവാൻ

൪൭൯. ചക്കയൊളം കൊത്തിയാലെ ഉലക്കയൊളം കാതൽ കിട്ടും

൪൮൦. ചക്കര കൂട്ടിയാൽ കമ്പിളിയും തിന്നാം (൨൮൧)

൪൮൧. ചക്കര തിന്നുമ്പൊൾ നക്കിനക്കി - താരം കൊടുക്കുമ്പൊൾ മിക്കിമിക്കി

൪൮൨. ചക്കര തൊട്ട കൈ നക്കും (ചക്കരപ്പാടത്തിൽ കൈയിട്ടാൽ നക്കുകയൊ- ഇല്ല-യൊ)

൪൮൩. ചക്കരക്കെ അകവും പുറവും ഒക്കും (ഇല്ല)

൪൮൪. ചക്കിക്ക ചങ്കരൻ അട്ടെക്ക പൊട്ടക്കുളം

൪൮൫. ചക്കിന്റെ മുരട്ടെ കുട്ടന്റെ മെൽ

൪൮൬. ചക്കെ തെങ്ങാ കൊണ്ടിട്ടും കൂട്ടെണം

൪൮൭. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വെണ്ടാ

